## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

പുറപ്പെടുവിക്കുന്നത് : ഡോ. അമിത് മല്ലിക്, ഐ.എഫ്.എസ്.

വിഷയം:- വനംവകുപ്പ് - ജീവനക്കാര്യം - ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പുനർനിശ്ചയിച്ചതിനെ തുടർന്ന് ശ്രീ.എം.കെ.നാരായണന് അർഹമായ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. ബഹു. (KAT)-ന്റെ 10.2.17-ലെ TA-2977/12 (WP(C)344/2011) നമ്പർ ഉത്തരവ്.
2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 321/17/F&WLD തീയതി 21.08.2017.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.05.2006-ലെ ഇ4-28038/03 നമ്പർ ഉത്തരവ്.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27.09.2017-ലെ ഇ7-21596/17 നമ്പർ ഉത്തരവ്.
5. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.12.2011-ലെ ഇ7-18936/2010 നമ്പർ ഉത്തരവ്.

---

### ഉത്തരവ് നമ്പർ ഇ4-4341/10 തീയതി, 18.11.2017

കാസർഗോഡ് സോഷ്യൽ ഫോറസ്റ്റ് ഡിവിഷനിലെ ഹോസ്ദുർഗ്ഗ് റെയ്ഞ്ചിൽ സെക്ഷൻ ഫോറസ്റ്ററായ ശ്രീ.എം.കെ.നാരായണൻ ടിയാന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനവും സ്ഥാനക്കയറ്റവും ലഭിക്കുന്നതിന് ഫയൽ ചെയ്ത കേസിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് സൂചന (1) പ്രകാരം സർക്കാരിനെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് സർക്കാർ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 01.07.2003 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 314 (A) ആയി സ്ഥാനം നിശ്ചയിച്ചുനൽകുന്നതിനും തുടർന്ന് അർഹതപ്പെട്ട പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം.കെ. നാരായണന് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ 314 നമ്പരായ ശ്രീ.ആർ.സുരേഷ് കുമാറിനും 315 നമ്പരായ

ശ്രീ.കെ.ജി.അൻവറിനും മദ്ധ്യേയായി 314 (A) എന്ന സ്ഥാനം നൽകി സൂചന നമ്പർ (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ടിയാന് അർഹതപ്പെട്ട പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേയ്ക്ക് ഈ വിഷയം വിശദമായി പരിശോധിച്ചു.

01.07.2003 പ്രാബല്യത്തിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 314 (A) സ്ഥാനം പരാമർശം (2) പ്രകാരം നിശ്ചയിച്ച സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ 01.07.2009 പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.എം.കെ.നാരായണന്റെ സ്ഥാനം (ക്രമനമ്പർ-31) ശ്രീ.ആർ.സുരേഷ് കുമാറിനും (ക്രമനമ്പർ-32) ശ്രീ.കെ.ജി. അൻവറിനും മദ്ധ്യേ 31(A) ആയി നിശ്ചയിക്കാവുന്നതാണെന്ന് കാണുന്നു.

ടിയാന്റെ സേവനവിവരങ്ങൾ പരിശോധിച്ചതിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ പ്രൊബേഷൻ 04.07.2008 തീയതി പ്രാബല്യത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് പ്രഖ്യാപിച്ച് ഉത്തരവായിട്ടുള്ള തായും ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് 22.06.2009 തീയതി പ്രാബല്യത്തിൽ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുള്ളതായും കാണുന്നു.

മേൽ സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.കെ.നാരായണന് 22.06.2009 തീയതി പ്രാബല്യത്തിൽ ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുകയില്ല എന്ന വ്യവസ്ഥയിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി ഉദ്യോഗക്കയറ്റം കണിമംഗലം ഫോറസ്റ്റ് സ്റ്റേഷൻ, കാലടി റെയിഞ്ച് മലയാറ്റൂർ ഡിവിഷനിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

ശ്രീ.എം.കെ.നാരായണൻ സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് (അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കാസർഗോഡ് മുഖാന്തിരം)

പകർപ്പ്: 1. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കാസർഗോഡ്.
2. ഇ7- സെക്ഷൻ.

*D:\Preetha 17\Procee\E4-4341-10 dt 18.11.17.doc*